# തെരുവത്ത് രാമൻ അവാർഡ് പ്രജേഷിന്

**കോഴിക്കോട്:** അന്വേഷണാത്മക പത്രപ്രവർത്തനത്തിനുള്ള കാലിക്കറ്റ് പ്രസ്സ് ക്ലബിന്റെ തെരുവത്ത് രാമൻ അവാർഡിന് മാധ്യമം കോഴിക്കോട് യൂണിറ്റിലെ സബ് എഡിറ്റർ ജി. പ്രജേഷ് സെൻ അർഹനായി. 2008 ജൂലൈ 31 മുതൽ ഓഗസ്റ്റ് ആറു വരെ മാധ്യമത്തിൽ പ്രസിദ്ധീകരിച്ച 'വാടകത്തൊട്ടിലിലെ വിൽപ്പനത്താരാട്ട്' എന്ന പരമ്പരയാണ് പ്രജേഷിനെ അവാർഡിനർഹനാക്കിയത്.

10,000 രൂപയും പ്രശസ്തി പത്രവും ഉൾപ്പെടുന്ന അവാർഡ് അടുത്ത മാസത്തിൽ നൽകുമെന്ന് കാലിക്കറ്റ് പ്രസ്സ് ക്ലബ് സെക്രട്ടറി കമാൽ വരദൂർ അറിയിച്ചു. കൽപ്പറ്റ നാരായണൻ, വി. അശോകൻ, ടി. വേലായുധൻ എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ നിശ്ചയിച്ചത്.



**കമാൽ വരദൂർ**
സെക്രട്ടറി

26.05.2009